പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1576 — 16/03/2015-ൽ മറുപടിയ്ക്ക്

## മട്ടുപ്പാവിൽ കൃഷി ചെയ്യുന്നവർക്കുള്ള ആനുകൂല്യങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.പി.തിലോത്തമൻ** | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) മട്ടുപ്പാവിലും, വീട്ടുവളപ്പിലെ സ്ഥല പരിമിതികളിൽ കഴിയാവുന്ന വിധവും കൃഷിചെയ്ത് പച്ചക്കറിയും കാർഷികോത്പന്നങ്ങളും ഉണ്ടാക്കാൻ ശ്രമിക്കുന്നവർക്ക എന്തെല്ലാം അനുകൂല്യങ്ങളാണ് നൽകുന്നതെന്നു പറയാമോ; | എ) മട്ടുപ്പാവിലും, വീട്ടുവളപ്പിലുമുള്ള പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2014-15-ലെ സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം കൃഷി വകുപ്പ് താഴെപ്പറയുന്ന പദ്ധതി ഘടകങ്ങൾ നടപ്പിലാക്കി വരുന്നു.<br><br>1. സ്കൂൾ വിദ്യാർത്ഥികൾ മുഖേന വീട്ടു വളപ്പിൽ കൃഷി ചെയ്യുന്നതിന് 20 രൂപ വിലവരുന്ന 50 ലക്ഷം പച്ചക്കറി വിത്തു കിറ്റുകൾ സൗജന്യമായി നൽകി. ഇതിനായി ആർ.കെ.വി.വൈ പദ്ധതി പ്രകാരം 600 ലക്ഷം രൂപയും, പച്ചക്കറി കൃഷി വികസന പദ്ധതി പ്രകാരം 400 ലക്ഷം രൂപയും ചിലവഴിച്ചു.<br>2. വീട്ടമ്മമാർക്ക് കൃഷി ചെയ്യുന്നതിനായി 20 രൂപ വിലവരുന്ന 5 ലക്ഷം പച്ചക്കറി വിത്തു കിറ്റുകൾ സൗജന്യമായി നൽകി. ഇതിനായി 100 ലക്ഷം രൂപ ചിലവഴിച്ചു.<br>3. മട്ടുപ്പാവിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ ഇനം പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച 25 |

ഗ്രോബാഗുകൾ വീതമുള്ള യൂണിറ്റുകൾ 75 ശതമാനം സബ്സിഡി നിരക്കിൽ കർഷകർക്ക് നല്കിവരുന്നു. 2,000/- രൂപ വിലവരുന്ന ഗ്രോബാഗ് യൂണിറ്റിന് 500/- രൂപ കർഷകർ ഗുണഭോക്തൃവിഹിതമായി നല്കണം. ഈ വർഷം 34784 ഗ്രോബാഗ് യൂണിറ്റുകളാണ് ഇപ്രകാരം നല്കുന്നത്. ഇതുവരെ 29896 ഗ്രോബാഗ് യൂണിറ്റുകൾ വിതരണം ചെയ്തു കഴിഞ്ഞു. കൂടാതെ മുൻ വർഷങ്ങളിൽ കൃഷിയ്ക്കായി നല്കിയ ഗ്രോബാഗുകൾ പുനരുജ്ജീവിപ്പിക്കുന്നതിന് വിത്ത്; വളം, തൈകൾ എന്നിവയും കർഷകർക്ക് നല്കി വരുന്നു. ഇതിനായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

4. വീട്ടുവളപ്പിൽ കൃഷി ചെയ്യുന്നതിനായി മാധ്യമങ്ങൾ മുഖേന 20 രൂപ വിലവരുന്ന 5 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകൾ സൗജന്യമായി നല്കി. ഇതിനായി 100 ലക്ഷം രൂപ ചിലവഴിച്ചു. കൂടാതെ എൻ.ജി.ഒ കൾ മുഖേന രണ്ടര ലക്ഷം പച്ചക്കറി വിത്ത് കിറ്റുകളും സൗജന്യമായി നല്കിയിട്ടുണ്ട്. ഇതിനായി 50 ലക്ഷം രൂപ ചിലവഴിച്ചു.

5. ആർ.കെ.വി.വൈ പദ്ധതി പ്രകാരം 181.82 ലക്ഷം പച്ചക്കറി തൈകൾ സൗജന്യമായി വിതരണം ചെയ്തു. ഇതിനായി 400 ലക്ഷം രൂപ ചിലവഴിച്ചു.

ഹോർട്ടികൾച്ചർ മിഷൻ മട്ടുപ്പാവിലും വീട്ടുവളപ്പിലെ സ്ഥല പരിമിതികളിൽ കഴിയാവുന്ന വിധവും കൃഷി ചെയ്ത് പച്ചക്കറിയും കാർഷിക ഉത്പന്നങ്ങളും ഉണ്ടാക്കുവാൻ ശ്രമിക്കുന്നവർക്ക്

ഹൈടെക് ഫാമിംഗ് പദ്ധതി പ്രകാരം 400 മുതൽ 4000 ച.മീറ്റർ വരെയുള്ള ഹൈടെക് പോളീഹൗസുകൾ നിർമ്മിക്കുന്നതിന് അംഗീകൃത ചെലവിന്റെ 75 ശതമാനം അനുകൂല്യവും; പച്ചക്കറി വികസന പദ്ധതി പ്രകാരം 40 മുതൽ 4000 ച.മീറ്റർ വരെയുള്ള പോളീഹൗസുകൾ നിർമ്മിക്കുന്നതിന് ഒരു ച.മീറ്ററിന്റെ അംഗീകൃത ചെലവായ 935 രൂപയുടെ 50 ശതമാനവും ആനുകൂല്യം അനുവദിക്കുന്നു. പച്ചക്കറിതൈകൾ വാങ്ങി നടുന്നതിനും അവയ്ക്കായി വേണ്ട ഉത്പാദനോപാധികൾ വാങ്ങുന്നതിനും ഒരു ച.മീറ്ററിന്റെ അംഗീകൃത ചെലവായ 140 രൂപയുടെ 50 ശതമാനം ആനുകൂല്യവും അനുവദിക്കുന്നു.

കൃഷി വകുപ്പിന്റെ വെജിറ്റബിൾ ഡവലപ്പ്മെന്റ് പദ്ധതി പ്രകാരം, വീടുകളിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 'ഗ്രോബാഗ്' പദ്ധതി വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ നടപ്പിലാക്കിയിട്ടുണ്ട്. പോട്ടിങ് മിശ്രിതം നിറച്ച് പച്ചക്കറിത്തൈകൾ നട്ടു പിടിപ്പിച്ച ഗ്രോബാഗുകൾ 16537 വീടുകളിൽ സ്ഥാപിച്ച് കഴിഞ്ഞിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം, കോഴിക്കോട്, വയനാട്, എറണാകുളം എന്നീ ജില്ലകളിൽ പ്രസ്തുത പദ്ധതി കൗൺസിൽ നടപ്പിലാക്കുന്നുണ്ട്. 2500 രൂപ വിലയുള്ള 25 ഗ്രോബാഗിന് 500 രൂപ മാത്രം ഗുണഭോക്തൃവിഹിതമായി വാങ്ങിയാണ് വിതരണം ചെയ്യുന്നത്.

| | |
|---|---|
| ബി) **മേൽപറഞ്ഞവിധം കൃഷി ചെയ്യുന്നവർക്ക് കാർഷികാവശ്യത്തിന് വൈദ്യുതി** | ബി) വീട്ടുവളപ്പിലെ മട്ടുപ്പാവിലെ ചെറിയ തോതിൽ കൃഷി ചെയ്യുന്നവർക്ക് സൗജന്യ നിരക്കിൽ വൈദ്യുതി നല്കാൻ |

| | |
|---|---|
| സൗജന്യമായി നൽകാനും ഇവരുടെ കൃഷി വിലയിരുത്തുവാനും നടപടി സ്വീകരിക്കുമോ'? | ഇതുവരെ നടപടികൾഒന്നും ഇല്ല. കുറഞ്ഞത് 10 സെന്റ് സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുന്നവർക്ക് മാത്രമേ നിലവിൽ വൈദ്യുതി സൗജന്യം ലഭിക്കാൻ അർഹതയുള്ളു. കൃഷിയുടെ വിവിധ ഘട്ടങ്ങളിൽ ആവശ്യമായ നിർദ്ദേശങ്ങളും, പരിശീലനവും കൃഷി വകുപ്പ് ഉദ്യോഗസ്ഥർ നല്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**